പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2623 — 02.04.2013 -ൽ മറുപടിയ്ക്ക്

മലയാള ഭാഷാ പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) മലയാള ഭാഷാ പഠനത്തിനായി സംസ്ഥാനത്ത് പ്രാഥമിക നിലവാരത്തിലുള്ള കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ ; | (എ) മലയാള ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി 'മലയാള മിഷൻ' എന്ന ഒരു സ്ഥാപനം കേരള സർക്കാരിന്റെ നിയന്ത്രണ - ത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തിനു പുറത്തുള്ള മലയാളികൾക്ക് മലയാള ഭാഷാ പഠനം നിർബന്ധിതമാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തി - നകത്ത് (ഇതര ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ക്കൂളുകൾക്കായി ) 1 മുതൽ 4 വരെ ക്ലാസ്സുകളിലേയ്ക്ക് എസ്.സി.ഇ.ആർ ടി പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ കോഴ്സുകളിൽ മലയാള പഠനവും ഉൾപ്പെടുന്നു. |
| (ബി) മലയാള ഭാഷാ പഠനത്തിന് മാത്രമായി പ്രവർത്തിക്കുന്ന എത്ര കേന്ദ്രങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട് ; | (ബി) പ്രാഥമിക തലത്തിലെ മലയാള പഠനത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന സ്ഥാപനം 'മലയാളം മിഷൻ'ആണ്. |

(........2)

(സി) പ്രാഥമിക ഉന്നത നിലവാരങ്ങളിൽ പഠിച്ച് പാസ്സാകാവുന്ന മലയാള ഭാഷാ പാഠ്യപദ്ധതിയുടെ സിലബസ്സുകളെക്കുറിച്ചും പഠന കേന്ദ്രങ്ങളെക്കുറിച്ചും പരീക്ഷ നടത്താൻ നിയോഗിക്കപ്പെട്ട ഏജൻസിയെ - ക്കുറിച്ചും ഈ കോഴ്സുകൾ മറ്റേതെല്ലാം കോഴ്സുകൾക്ക് സമാനമായി കരുതുന്നു- ണ്ടെന്നതിനെക്കുറിച്ചും വിശദമാക്കാമോ ?

(സി) ഒന്നു മുതൽ 12 ക്ലാസ്സുകൾ വരെയുള്ള പഠനത്തിനുള്ള ക്രമീകരണങ്ങൾ SCERT യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

Sindhu

സെക്ഷൻ ഓഫീസർ